"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയിരിക്കവേ മരണപ്പെട്ട രശ്മി രാജിന്റെ സഹോദരൻ ശ്രീ.വിഷ്ണുരാജ് പി-യ്ക്ക് ആശ്രിത നിയമന അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം പരിഹരിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.123/2026/H&FWD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:-
1. സ.ഉ. (പി)നം.12/99/ഉ.ഭ.പ.വ. തീയതി 24.05.1999.
2. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 18.05.2004 തീയതിയിലെ 6678/ഉപ.സി.02/2004/ഉപഭവ നമ്പർ സർക്കുലർ.
3. ശ്രീ.വിഷ്ണു രാജ് പി 11.02.2025-ൽ സമർപ്പിച്ച അപേക്ഷ.
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 22.12.2025-ലെ എച്ച് 4/3650/2025/മെ.വി.വ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി ജോലി ചെയ്തു വരവേ 02.01.2023-ൽ മരണപ്പെട്ട രശ്മി രാജിന്റെ സഹോദരൻ ശ്രീ.വിഷ്ണുരാജ് പി.,അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതിയിലൂടെ നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. ശ്രീ വിഷ്ണുരാജ് പി.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലേയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയുണ്ടെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശം (1)

ഉത്തരവിലെ ഖണ്ഡിക 19-ലെ വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി സർക്കാർ ഉദ്യോഗസ്ഥ മരണപ്പെട്ട് 2 വർഷത്തിനുള്ളിലും അപേക്ഷകൻ മൈനർ ആണെങ്കിൽ മേജർ ആയി 3 വർഷത്തിനകവും ആണ്. ജീവനക്കാരി 02.01.2023-ൽ മരണമടയുമ്പോൾ മേജർ ആയിരുന്ന അപേക്ഷകൻ നിയമന അപേക്ഷ സമർപ്പിച്ചത് 11.02.2025-ലാണ്. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് 1മാസം 10 ദിവസത്തെ കാലതാമസം വന്നിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ശ്രീ.വിഷ്ണുരാജ്.പി. അപേക്ഷ സമർപ്പിക്കുവാനുണ്ടായ ഒരു മാസത്തെയും പത്ത് ദിവസത്തെയും കാലതാമസം പരാമർശം (2) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം മാപ്പാക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ശ്രീ.വിഷ്ണുരാജ് പി, പാലത്തറ ഹൗസ്, കിളിരൂർ പി.ഒ, കോട്ടയം - 686020 (രജി. തപാലിൽ)
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം.
സൂപ്രണ്ട്, കോട്ടയം മെഡിക്കൽ കോളേജ് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് (C3/334/2023-HEALTH)

ഉത്തരവിൻ പ്രകാരം,
Signed by
Rekha Johnson
Date: 15-05-2026 17:03:40

സെക്ഷൻ ഓഫീസർ